(എഫ്)(ബി), (സി) എന്നീ ഉപചോദ്യങ്ങൾക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വാർഷിക പദ്ധതിക്കുള്ള തുക

12 (13)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വാർഷിക പദ്ധതിക്കുവേണ്ടി ഓരോ വർഷവും സംസ്ഥാനം കണ്ടെത്തേണ്ടിയിരുന്ന തുക എത്ര വീതമായിരുന്നു;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും കേന്ദ്രത്തിൽനിന്ന് ഗ്രാന്റായും ലോണായും ആ പദ്ധതി നടത്തിപ്പിനുവേണ്ടി ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുക എത്രവീതമാണ്;

(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും സംസ്ഥാനം കണ്ടെത്തേണ്ടിയിരുന്ന തുക മുഴുവനും കണ്ടെത്തുവാൻ കഴിഞ്ഞുവോ;

(ഡി) ഇല്ലെങ്കിൽ അതിൽ എന്തു കുറവുവന്നു എന്ന് അറിയിക്കുമോ;

(ഇ) ഈ കാലഘട്ടത്തിൽ ഓരോ വർഷവും പദ്ധതിചെലവിനു വേണ്ടി കേന്ദ്രം നൽകേണ്ടിയിരുന്ന ഗ്രാന്റും ലോണും നൽകുകയുണ്ടായോ;

(എഫ്)ഇല്ലെങ്കിൽ ഓരോ വർഷവും എന്തു തുക വീതം കുറവു വന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1996-97-ൽ 1137.21 കോടി രൂപയും, 1997-98-ൽ 2023.78 കോടി രൂപയും, 1998-99-ൽ 2296.13 കോടി രൂപയും, 1999-2000-ത്തിൽ 2376.20 കോടി രൂപയുമാണ്.

(ബി)

വർഷം	ഗ്രാന്റ്	ലോൺ	ആകെ
	(രൂപ കോടിയിൽ)		
96-97	179.64	419.16	598.80
97-98	241.37	563.19	804.56
98-99	230.49	537.81	768.30
99-2000	265.14	618.66	883.80
			(പ്രതീക്ഷിച്ചിരുന്നത്)

(സി) 1998-99-ൽ ഒഴികെ എല്ലാ വർഷവും സംസ്ഥാനം കണ്ടെത്തേണ്ടിയിരുന്ന മുഴുവൻ തുകയും കണ്ടെത്തിയിട്ടുണ്ട്.

(ഡി) 1998-99-ലെ താത്ക്കാലിക കണക്കനുസരിച്ച് 63.62 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) കുറവ് താഴെ കാണും പ്രകാരമമാണ്

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ഗ്രാന്റ്	ലോൺ	കേന്ദ്രവിഹിതത്തിൽ ആകെ കുറവ്
	(രൂപ കോടിയിൽ)		
96-97	18.86	66.41	85.3
97-98	74.06	182.09	256.15
98-99	15.04	68.72	83.76 (താത്ക്കാലികം)

വാർഷിക പദ്ധതിക്ക് ചെലവഴിച്ച തുക

13 (14)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95 മുതൽ 1999-2000 വരെ ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുകയെത്രയെന്നും അംഗീകരിച്ചുകിട്ടിയ തുക യെത്രയെന്നും അറിയിക്കുമോ;

(ബി) ഇതിൽ ഓരോ വർഷവും അതിന്റെ മുൻവർഷത്തേക്കാൾ എത്ര ശതമാനം തുക വീതം കൂടുതൽ നിർദ്ദേശിച്ചു; എത്ര ശതമാനം തുക വീതം കൂടുതൽ അംഗീകരിച്ചുകിട്ടി;

(സി) 1994-95, 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും പദ്ധതിക്കുവേണ്ടി എന്തു തുകവീതം ചെലവഴിച്ചു എന്ന് പറയുമോ;

(ഡി) 1999-2000-ാമാണ്ടിൽ 1999 നവംബർ 30 വരെ എന്തു തുക പദ്ധതിക്ക് വേണ്ടി ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഡി) (1999 ഒക്ടോബർ 31 വരെ പദ്ധതിക്കുവേണ്ടി ചെലവഴിച്ചത് 1079 കോടി രൂപയാണ്.) 1999 നവംബർ 30 വരെ ചെലവഴിച്ച തുകയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല.

വാർഷിക പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച അർദ്ധവാർഷിക അവലോകനം

14 (15)ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാമാണ്ടിലേയ്ക്കുള്ള വാർഷിക പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച അർദ്ധവാർഷിക അവലോകനം നടത്തുകയുണ്ടായോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly